©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY


| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ഞായർ<br>Thiruvananthapuram,<br>Sunday | 2021 നവംബർ 14<br>14th November 2021<br>1197 തുലാം 29<br>29th Thulam 1197<br>1943 കാർത്തികം 23<br>23rd Karthika 1943 | നമ്പർ<br>No. | 3334 |


### കേരള സർക്കാർ

### നിയമ (നിയമ നിർമ്മാണ-ബി) വകുപ്പ്

### വിജ്ഞാപനം

നമ്പർ 25879/ലെഗ്.ബി1/2019/നിയമം.

*തിരുവനന്തപുരം, 2021 നവംബർ 14*
*1197 തുലാം 29*
*1943 കാർത്തികം 23.*

കേരള സംസ്ഥാന നിയമസഭയുടെ താഴെ പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2021 നവംബർ 14-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വി. ഹരി നായർ,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# 2021-ലെ 41-ാം ആക്റ്റ്

## 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ആക്റ്റ്

2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്റ്റ് (2015-ലെ 16) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2019 ഡിസംബർ 21-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 5-ാം വകുപ്പിനുള്ള ഭേദഗതി.—2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്റ്റിലെ (2015-ലെ 16) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 5-ാം വകുപ്പ് (6)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(6) ചെയർപേഴ്സണായോ അംഗമായോ നിയമിക്കപ്പെട്ട ഒരാൾക്ക് പുനർനിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്:

എന്നാൽ, അപ്രകാരമുള്ള യാതൊരാളും രണ്ട് തവണയിൽ കൂടുതൽ നിയമിക്കപ്പെടാൻ അർഹനായിരിക്കുന്നതല്ല.".

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ഓർഡിനൻസ് (2021-ലെ 119) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# GOVERNMENT OF KERALA

## Law (Legislation-B) Department

NOTIFICATION

No. 25879/Leg. B1/2019/Law.

*Dated, Thiruvananthapuram, 14th November, 2021*
*29th Thulam, 1197*
*23rd Karthika, 1943.*

In pursuance of clause (3) of Article 348 of the Constitution of India, the Governor is pleased to authorise the publication in the Gazette of the following translation in English language of the Kerala Devaswom Recruitment Board (Amendment) Act, 2021 (41 of 2021).

By order of the Governor,

V. HARI NAIR,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of "2021-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ആക്റ്റ്" published under the authority of the Governor.]

# ACT 41 OF 2021

## THE KERALA DEVASWOM RECRUITMENT BOARD (AMENDMENT) ACT, 2021

*An Act further to amend the Kerala Devaswom Recruitment Board Act, 2015.*

*Preamble.*—WHEREAS, it is expedient further to amend the Kerala Devaswom Recruitment Board Act, 2015 (16 of 2015) for the purposes hereinafter appearing;

BE it enacted in the Seventy-second Year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Devaswom Recruitment Board (Amendment) Act, 2021.

(2) It shall be deemed to have come into force on the 21st day of December, 2019.

2. *Amendment of section 5.*—In the Kerala Devaswom Recruitment Board Act, 2015 (16 of 2015) (hereinafter referred to as the principal Act), for sub-section (6) of section 5, the following sub-section shall be substituted, namely:—

"(6) A person appointed as Chairperson or Member is eligible for re-appointment:

Provided that such person shall not be eligible for appointment for more than two terms.".

3. *Repeal and saving.*—(1) The Kerala Devaswom Recruitment Board (Amendment) Ordinance, 2021 (119 of 2021) is hereby repealed.

(2) Notwithstanding such repeal, anything done or deemed to have been done or any action taken or deemed to have been taken under the principal Act as amended by the said Ordinance shall be deemed to have been done or taken under the principal Act as amended by this Act.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

Digitally signed by Salim A
Date:2021.11.14 07:09:03 +05:3

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/